(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മൂസപ്പള്ളി തോമസിന്റെ കുടുംബത്തിന് 2.6.2000ന് 10,000/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കിവരുന്ന തുകയും ചക്കുമൂപ്പന്റെ കുടുംബത്തിനുള്ള നഷ്ടപരിഹാരത്തുകയും ജൂലൈ മാസത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് നടപടി

48(1005)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ) വയനാട് ജില്ലയിലെ മുത്തങ്ങ ചെക്ക്പോസ്റ്റ് കഴിഞ്ഞുള്ള വനംവകുപ്പിന്റെ റോഡുവഴി തോട്ടാമൂല നമ്പിക്കൊല്ലി വഴികളിലൂടെ സ്പിരിറ്റ് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗേറ്റ് താഴിട്ടു പൂട്ടുന്ന മുത്തങ്ങയിലെ വനംവകുപ്പ് റോഡിലൂടെ രാത്രിയിൽ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുന്നതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) സ്പിരിറ്റ് കള്ളക്കടത്ത് നടത്തുന്നതിന് കൂട്ട് നിൽക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈയിടെയായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ തലത്തിൽ ഊർജ്ജിതമായ അന്വേഷണം നടന്നു വരികയാണ്. കൂടാതെ വയനാട് വൈൽഡ് ലൈഫ് വാർഡനോട് വനംവകുപ്പ് ഉദ്യോഗസ്ഥന്മാർ കള്ളക്കടത്ത് നടത്തുന്നതിന് കൂട്ട് നിൽക്കുന്നുണ്ടോ എന്ന് സത്വരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കള്ളക്കടത്ത് നടത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ കൂട്ടു നിൽക്കുന്നതായി അന്വേഷണത്തിൽ തെളിഞ്ഞാൽ അവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണ്.

സമഗ്രവന സംരക്ഷണ നിയമം

49(1006)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വനങ്ങൾ സംരക്ഷിക്കുന്നതിനായി സമഗ്രവനസംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

"സമഗ്ര വന സംരക്ഷണ നിയമം" എന്നപേരിൽ ഒരു നിയമം ഇപ്പോൾ നിലവിലില്ല. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് വനസംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly